■ മമ്മൂട്ടി ലീഗിന്റെ ബ്രാൻഡ് അംബാസഡർ

# കേരള വോളിബോൾ ലീഗ് ഫെബ്രുവരിയിൽ

കൊച്ചി: കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷനുമായി സഹകരിച്ച് സ്പോർട്സ് കൺസൾട്ട് കേരള വോളിബോൾ ലീഗ് (കെ.വി.എൽ.) പ്രഖ്യാപിച്ചു. ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട് നടക്കുന്ന പ്രൊഫഷണൽ വോളിബോൾ ടൂർണമെന്റിൽ പ്രമുഖ കളിക്കാർ പങ്കെടുക്കും. നടൻ മമ്മൂട്ടിയാണ് വോളിബോൾ ലീഗിന്റെ ബ്രാൻഡ് അംബാസഡറും പ്രമോട്ടറും.

കേരളത്തിൽ എക്കാലവും കൈകോർത്തു നിന്നിട്ടുള്ള മേഖലകളാണ് കായിക വിനോദരംഗങ്ങളെന്നും കെ.വി.എൽ. അതുകൊണ്ടു വൻവിജയമായിരിക്കുമെന്നും മമ്മൂട്ടി അഭിപ്രായപ്പെട്ടു. കേരളത്തിൽ വോളിബോൾ ഒരു തരംഗമായി മാറണമെന്നും അല്ലെങ്കിൽ അന്യംനിന്നു പോകുമെന്നും അദ്ദേഹം പറഞ്ഞു.

ഇത്തരമൊരു സംരംഭത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ടെന്നു സ്പോർട്സ് കൺസൾട്ട് സി.ഇ.ഒ. ജിതേന്ദ്ര ജോഷി പറഞ്ഞു.

വോളിബോളിന് ഊർജം പകരുന്നതിനും ജനകീയമാക്കുന്നതിനും പുറമെ വളർന്നു വരുന്ന തലമുറയെ ഇതിലേക്ക് ആകർഷിക്കാനും ഇന്ത്യയുടെ വോളിബോൾ ഭാവി രൂപപ്പെടുത്താനും ലീഗ് വഴിയൊരുക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്തെ ഏറ്റവും പ്രധാന വോളിബോൾ ലീഗായ കേരള വോളിബോൾ ലീഗിൽ ആറുടീം ഫ്രാഞ്ചൈസികളാണുണ്ടാകുക. ഇവയെ ലേലത്തിലൂടെ നിശ്ചയിക്കും. ഒമ്പതു ദിവസം നീളുന്ന റൗണ്ട് റോബിൻ അടിസ്ഥാനത്തിലുള്ള മത്സരത്തിൽ ആറുടീമുകളും പരസ്പരം ഏറ്റുമുട്ടും.

കേരളത്തിൽ നിന്നും കേരളത്തിനുപുറത്തുനിന്നും ജൂനിയർ ടീമുകളിൽ നിന്നുമുള്ള കളിക്കാരടങ്ങിയതായിരിക്കും ഓരോ ടീമുകളും. കേരളത്തിലും രാജ്യത്താകെയും ഗൾഫ് മേഖലയിലും മത്സരങ്ങളുടെ നേരിട്ടുള്ള ടെലിവിഷൻ സംപ്രേഷണമുണ്ടായിരിക്കും.